**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 840** **14-01-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ കോവിഡ് പ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനം അടച്ചുപൂട്ടലിൽ ആയ സാഹചര്യത്തിൽ തീർത്തും ഒറ്റപ്പെട്ടുപോയ വനമേഖലയിലെ ആദിവാസി ഊരുകൾക്ക് വനം വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയത്; | (എ) | കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനം അടച്ചുപൂട്ടലിൽ ആയ സാഹചര്യത്തിൽ, തീർത്തും ഒറ്റപ്പെട്ടുപോയ ആദിവാസി ഊരുകളിൽ ഭക്ഷ്യ വസ്തുക്കൾ, മാസ്ക്, സാനിറ്റൈസർ, ഹാന്റ് വാഷ്, ഔഷധങ്ങൾ എന്നിവ ലഭ്യമാക്കുകയും, കോവിഡ് 19 സുരക്ഷാ നിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകളും മറ്റും വിതരണം നടത്തുകയുമുണ്ടായി. വനം വകുപ്പിൽ ആദിവാസികളുടെ ക്ഷേമപ്രവർത്തനം നടത്തുന്ന തിന് 'ഊരുമിത്ര' എന്ന സംവിധാനം നിലവിലുണ്ട്. കോളനികൾക്ക് സർക്കാർ നൽകിയ എല്ലാ ആനുകൂല്യങ്ങളും എത്തിച്ചു നൽകിയിട്ടുണ്ട്. കോളനി നിവാസികൾക്ക് ചികിത്സ ആവശ്യമായ സന്ദർഭങ്ങളിൽ ആശുപത്രിയിൽ എത്തുന്നതിനും, ആരോഗ്യപ്രവർത്തകർക്ക് കോളനികളിൽ എത്തുന്നതിനും മെഡിക്കൽ സൌകര്യം നൽകുന്നതിനും വാഹനങ്ങളും, സ്റ്റാഫുകളേയും വിട്ടുനൽകിയിരുന്നു. ആരോഗ്യവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് കോളനികളിൽ ബോധവൽക്കരണം നടത്തുകയും, കോവിഡ് ടെസ്റ്റ് ക്യാമ്പുകൾ നടത്തുകയും ചെയ്തിരുന്നു. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ പുസ്തകങ്ങൾ വീട്ടുകളിലേയ്ക്ക് എത്തിച്ച് നൽകിയിരുന്നു. വനത്തിനോട്ടു ചേർന്നും വനത്തിനകത്തുള്ളതുമായ കോളനികളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനുള്ള സൌകര്യം ചെയ്തുകൊടുക്കുകയും പഠനം സുഗമമാക്കുന്നതിന് ടെലിവിഷൻ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വനം വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങൾ കോവിഡ് നിരീക്ഷണ കേന്ദ്രങ്ങളാക്കിയെന്നറിക്കുമോ; | (ബി) | മൂന്നാർ ഡിവിഷൻ പരിധിയിലെ ദേവികുളത്തുള്ള സെൻട്രൽ നഴ്സറി, കോവിഡ് നിരീക്ഷണ കേന്ദ്രമായി പ്രവർത്തിച്ചു. |
| | | | |

| | | | |
|---|---|---|---|
| (സി) | വനം മേഖലയിൽ കോവിഡ് വ്യാപിക്കുന്നത് നിയന്ത്രിക്കുന്നതിന് വനം വകുപ്പ് എന്തെങ്കിലും പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംസ്ഥാന അതിർത്തിയിൽ കർണ്ണാടക, തമിഴ്നാട് ഭാഗങ്ങളിൽ നിന്നും അനധികൃതമായി വനത്തിലൂടെ ജനങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനായി പരിശോധനയും പട്രോളിംഗും ഏർപ്പെടുത്തുകയുണ്ടായി. ആദിവാസി കോളനികളിൽ കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി കോളനികളിലേയ്ക്ക് സന്ദർശകരെ നിയന്ത്രിച്ചിരുന്നു. വനമേഖലയിൽ കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന് വനമേഖലയിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ, ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് സന്ദർശകരെ നിരോധിച്ചിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിയ മുഴുവൻ നിയന്ത്രണങ്ങളും മുൻകരുതലുകളും വനമേഖലയിലും നടപ്പിലാക്കിയിരുന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ജീവനക്കാർക്ക് ഒരുക്കിക്കൊടുത്തിരുന്നു. ഫോറസ്റ്റ് ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധനയും സാനിറ്റൈസേഷനും ഏർപ്പെടുത്തി. |

സെക്ഷൻ ഓഫീസർ